# പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T.1952 — 04.10.2011 ൽ മറുപടിക്ക്

## ആധാർ രജിസ്ട്രേഷൻ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. റ്റി.യു. കുരുവിള | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആധാർ പദ്ധതിയുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരമായി ഇടപെടുമോ; | (എ) | ഉണ്ട്. പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കാത്ത രീതിയിൽ രജിസ്ട്രേഷൻ നടത്താനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എൻറോൾമെന്റ് ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. |
| (ബി) | ആധാർ പദ്ധതിയുടെ രജിസ്ട്രേഷന് എല്ലാ പഞ്ചായത്ത് വാർഡുകളിലുമായി കൗണ്ടറുകൾ തുടങ്ങുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | ഗ്രാമപ്രദേശങ്ങളിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയും നഗരപ്രദേശങ്ങളിൽ കെൽട്രോൺ വഴിയുമാണ് എൻറോൾമെന്റ് നടത്തുന്നത്. അതാത് ഗ്രാമപ്രദേശങ്ങൾ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് ഏറ്റവും അനുയോജ്യമായ രീതിയിൽ എൻറോൾമെന്റ് കേന്ദ്രങ്ങൾ സജ്ജീകരിക്കുന്നതാണ്. |
| (സി) | അക്ഷയ സെന്ററുകളിൽ ജനങ്ങൾ മണിക്കൂറുകളായി ക്യൂ നിന്ന് രജിസ്ട്രേഷനും ഫോട്ടോയെടുപ്പും നടത്തുന്നത് അവസാനിപ്പിച്ച് ജനങ്ങൾക്ക് ഏറ്റവും അടുത്തുള്ള കേന്ദ്രങ്ങളിൽ കൗണ്ടർ തുടങ്ങുവാൻ സർക്കാർ ശ്രമമാരംഭിക്കുമോ; | (സി) | ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ രജിസ്ട്രേഷൻ നടത്താനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. |
| (ഡി) | ആധാർ രജിസ്ട്രേഷൻ തീയതി നീട്ടുന്ന കാര്യം സർക്കാർ പരിശോധിക്കുമോ? | (ഡി) | ഇപ്പോഴത്തെ അവസ്ഥയിൽ 2012 മാർച്ച് മാസം അവസാനത്തോടെ കേരളത്തിലെ മൊത്തം ആളുകളുടെയും എൻറോൾമെന്റ് പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. അതനുസരിച്ചാണ് നടപടികൾ നടക്കുന്നത്. |

സെക്ഷൻ ഓഫീസർ